''ഭരണഭാഷ-മാതൃഭാഷ''

## പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടി ഉത്തരവ്

**സാന്നിധ്യം : വി.എസ് ആശാദേവി**

വിഷയം : പൊതുവിദ്യാഭ്യാസം - ജീവനക്കാര്യം - ടൈപ്പിസ്റ്റ് നിന്നും തസ്തികമാറ്റം കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ്-2 തസ്തികയിൽ നിയമനം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

പരാമർശം :
1. 01.09.1971 തീയതിയിലെ സ.ഉ(കൈ)288/1971/പി.ഡി നമ്പർ ഉത്തരവ്
2. 18.07.1976 തീയതിയിലെ സ.ഉ(അച്ചടി)230/1976/പി.ഡി നമ്പർ ഉത്തരവ്
3. 09.05.2005 തീയതിയിലെ സ.ഉ(അച്ചടി)17/2005/പി&എ.ആർ.ഡി നമ്പർ ഉത്തരവ്
4. 01.07.2011 തീയതിയിലെ സ.ഉ(കൈ)21/2011/പി.&എ.ആർ.ഡി നമ്പർ ഉത്തരവ്
5. 28.01.2019 ലെ ഈ കാര്യാലയത്തിൽ നിന്നുള്ള ഇതേ നമ്പർ ഉത്തരവ്
6. 12.12.2018 തീയതിയിലെ ഈ കാര്യാലയത്തിൽ നിന്നുള്ള എസ്.വൈ(2) 36092/2018/ഡി.പി.ഐ നമ്പർ ഉത്തരവ്
7. 28.05.2019 തീയതിയിലെ ഈ കാര്യാലയത്തിൽ നിന്നുള്ള ഇതേ നമ്പർ ഉത്തരവ്
8. 03.07.2019 ലെ ഈ കാര്യാലയത്തിൽ നിന്നുള്ള ഇതേ നമ്പർ ഉത്തരവ്

## ഉത്തരവ് നമ്പർ സി2/22/2016/ഡി.ജി.ഇ തീയതി 16-07-2019

പരാമർശം (1) ഉത്തരവ് പ്രകാരം വകുപ്പിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിലെ 50% ഒഴിവുകൾ വകുപ്പിലെ യോഗ്യരായ ടൈപ്പിസ്റ്റുമാരിൽ നിന്നും തസ്തിക മാറ്റം മുഖേന നികത്താവുന്നതാണ്. പൊതുവിദ്യാഭ്യാസ വകുപ്പിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിൽ തസ്തികമാറ്റം മുഖേന നികത്തേണ്ട രണ്ട് ഒഴിവുകളാണ് നിലവിലുള്ളത്. പരാമർശം (7) ഉത്തരവ് പ്രകാരം ടി തസ്തികയിലേക്ക് തസ്തികമാറ്റം മുഖേന നിയമനം നൽകിയ ജീവനക്കാരി പരാമർശം (8) പ്രകാരം ടി നിയമനം പരിത്യജിച്ചിരിക്കുകയും ചെയ്തതിനാൽ പരാമർശം (6) പ്രകാരമുള്ള സീനിയോരിറ്റി ലിസ്റ്റിൽ നിന്നും താഴെ പട്ടികയിൽ പറയുന്ന പ്രകാരം കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ്-2 തസ്തികയിലേക്ക് 20000-48500 ശമ്പള സ്കെയിലിൽ തസ്തികമാറ്റം നൽകി നിയമിക്കുന്നു.

| ക്രമ നമ്പർ | റാങ്ക് നമ്പർ | പേരും തസ്തികയും ഓഫീസും | ജനന തീയതി | നിയമനം നൽകുന്ന ഓഫീസ് | റിമാർക്സ് |
|---|---|---|---|---|---|
| 1 | 11 | ശ്രീ പ്രജീഷ് എൻ.പി, യു.ഡി ടൈപ്പിസ്റ്റ്, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസ്, നാദാപുരം | 08.05.1979 | പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം | |
| 2 | 12 | ശ്രീമതി സോഫിയ എസ്.ബി, യു.ഡി ടൈപ്പിസ്റ്റ്, ജില്ലാ വിദ്യാഭ്യാസ ഓഫീസ് കൊട്ടാരക്കര | 07.05.1981 | പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം | |

തസ്തികമാറ്റം ലഭിച്ച കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ്-2 തസ്തികയിലെ ജീവനക്കാരി 15 ദിവസത്തിനുള്ളിൽ പുതിയ തസ്തികയിൽ സേവനത്തിൽ പ്രവേശിക്കേണ്ടതാണ്. പുതിയ തസ്തികയിൽ പ്രവേശിച്ച് തുടർച്ചയായ രണ്ട് വർഷത്തിനുള്ളിലെ ഒരു വർഷത്തെ നിരീക്ഷണകാലം പൂർത്തിയാക്കേണ്ടതാണ്. തസ്തികമാറ്റ ഉത്തരവ് വിദ്യാഭ്യാസ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്. വ്യക്തിഗത ഉത്തരവുകൾ അയക്കുന്നതല്ല. ടി ഉത്തരവ് ഔദ്യോഗിക വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്ത് അതാത് കാര്യാലയങ്ങളിൽ ജോലിയിൽ പ്രവേശിക്കുന്നതിനും വിടുതൽ ചെയ്യുന്നതിനും ഉപയോഗിക്കേണ്ടതാണ്.

(ഒപ്പ്)
വി.എസ് ആശാദേവി
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി

// അംഗീകാരത്തോടെ //
സൂപ്രണ്ട്

സ്വീകർത്താവ് :

1) ശ്രീ പ്രജീഷ് എൻ.പി
2) ശ്രീമതി സോഫിയ എസ്.ബി

പകർപ്പ് :

1. സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ (സി.എ മുഖേന)
2. സൂപ്രണ്ട്, സീനിയോരിറ്റി സെക്ഷൻ
3. വിദ്യാഭ്യാസ ഉപഡയറക്ടർ, കോഴിക്കോട്, കൊല്ലം
4. വൈസ് ചെയർമാൻ & എക്സിക്യൂട്ടീവ് ഡയറക്ടർ, കൈറ്റ്, പൂജപ്പുര, തിരുവനന്തപുരം (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
5. കരുതൽ ഫയൽ

എൻ.കെ 16-07-2019